LIBRARY ARCHIVES Kerala Legislative Assembly

നീര ഉൽപ്പാദനവും വിതരണവും

149 (1563) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീര ഉൽപ്പാദനത്തിലും വിതരണത്തിലും കാലതാമസം നേരിടുന്നത് കേര കർഷകരെ ആശങ്കയിലാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നീര ഉൽപ്പാദനവും വിതരണവും കാര്യക്ഷമമാകാത്തത് കൃഷി വകുപ്പും നാളികേര ബോർഡും തമ്മിലുള്ള തർക്കംമൂലമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രശ്നങ്ങൾ പരിഹരിച്ച് നീര ഉൽപ്പാദനം കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) നീര ഉൽപ്പാദനത്തിലും വിതരണത്തിലും കൃഷി വകുപ്പും നാളീകേര ബോർഡും തമ്മിൽ തർക്കങ്ങളൊന്നും നിലവിലില്ല. കൃഷി, എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നാളികേര-നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നീരയുടെ ഉല്പാദനവും വിതരണവും സാർവത്രികമാക്കുന്നതിലേക്ക് തെങ്ങ്കൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കാർഷിക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നിവയാണ് ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

നീരയുടെ വിപണനം

150 (1564) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീരയുടെ വിപണനം വിപുലീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;